Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know Sir, whether there is any particular reason for the answer to sub-division (*d*) reagarding the examination in October to help 1412 students who have failed?

Mr. P. Govinda Menon *(Minister for Food and Education)*: Sir, representations were made to Government by three or four students and some press cuttings also came to the notice of the Government. The matter was considered by the educational experts of the Government, and they gave the opinion that it is not advisable to have the examination in October and Government agreed with them. The matter is under consideration of the Government.

HIRE CHARGES FOR ELEPHANTS AT PERINGALKUTHU

122. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ. —

(എ) പെരിങ്ങൽകുത്തിലെ ആവശ്യത്തിലേക്ക പാട്ടത്തിനു് എടുത്തിരിക്കുന്ന ആനകൾക്ക് ക ക ൨ ൨ എടവം ക-ാംനു-വരെ എത്ര ദിവസത്തെ ഏക്കം കൊടുത്തു;

(ബി) ക ക ൨ ൨ എടവം ക-ാംനു-വരെ എത്ര ടൺ തടിയാണ മേൽപ്പറഞ്ഞ ആനകൾ പിടിച്ചുതു;

(സി) ബി-യിൽ പറയുന്ന തടി എത്ര ദൂരം വലിച്ചു നീക്കിയിട്ടുണ്ടു?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ആകെ ക ൦ ക ദിവസത്തെ ഏക്കം കൊടുത്തു. ഇതിൽ ൭൯ ദിവസം ൩ ആനകൾ വീതവും, ൯ ദിവസം ൨ ആന വീതവും ൫ ദിവസം ക ആന വീതവും ഉണ്ടായിരുന്നു.

(ബി) ക, ൦ ൪ ക. ൨൭ ടൺ.

(സി) സാധാരണ അളന്നു നോക്കാറില്ലാത്തതുകൊണ്ടു് അളന്നു നോക്കിയിട്ടില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ക, ൦ ൪, ക൨൭ ടൺ തടി പിടിക്കാൻ എത്ര രൂപ ചിലവായിട്ടുണ്ടു്? ഓരോ ആനയുടേയും ഏക്കം പറഞ്ഞാലും മതി.

റാവു സാഹിബ് കെ. അയ്യപ്പൻ: ൩ ൦ രൂപാപ്രകാരം ക ആന, ൫ ൦ രൂപാ പ്രകാരം ൨ ആന.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ആനകളെ പാട്ടത്തിനെടുത്തതു ടെണ്ടർപ്രകാരമാണോ?

റാവു സാഹിബ് കെ. അയ്യപ്പൻ: വേറൊരു കൺട്രാക്ടർക്കുടി വന്നിരുന്നു. ൭൫ രൂപ പാപ്പാനു കൊടുക്കണം. അതോടുകൂടി ൪ ൦ രൂപാ പ്രകാരം ആനയെ തരാമെന്നു ഒരു offer ഉണ്ടായിരുന്നു. അതിൽ ഒരു വ്യവസ്ഥ ഉള്ളതു അവർക്ക ൨ ൫ ദിവസം പണി കൊടുക്കണമെന്നാണു്. അതുകൊണ്ടു് അതു സ്വീകരിച്ചില്ല. ഇതിൽ ആകെ ചിലവു കണക്കാക്കുന്നതു ആനയുടെ ഏക്കം കണക്കാക്കിയാണു്.

മിസ്റ്റർ പി കുമാരനെഴുത്തച്ഛൻ: ഒരു ദിവസത്തെ ഏക്കമല്ലെ ഇതിൽ പറഞ്ഞിരിക്കുന്നതു?

റാവു സാഹിബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ആനകൾ പിടിയാനകളോ കൊമ്പനാനകളോ?

റാവു സാഹിബ് കെ. അയ്യപ്പൻ: നിശ്ചയമില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: സാധാരണ ഒരാന എത്ര ടൺ തടി പടിക്കും?

റാവു സാഹിബ് കെ. അയ്യപ്പൻ: എനിക്കറിഞ്ഞുകൂടാ.

"EXPRESS" AND "PRAJAMITRAM"—BANNING OF

123. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) എക്സ്പ്രസ്, പ്രജാമിത്രം എന്നീ പത്രങ്ങളെ നിരോധിക്കുന്നതിനു് ഇടയാക്കിയ അവയിലെ പ്രസിദ്ധീകരണമേതാണു്; അനുബന്ധമായി ചേർക്കാമോ;

(ബി) എക്സ്പ്രസ് പത്ര നിരോധനത്തെപ്പറ്റി അതിന്റെ പത്രാധിപർ പ്രസിദ്ധീകരിച്ചിരുന്ന പ്രസ്താവന ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എ. മാധവപ്രഭ :

(എ) ൨൨൨൨ എടവം ൧൨-ാംതിയ്യതി ശനിയാഴ്ചയിലെ പ്രജാമിത്രത്തിൽ "ഞെക്കാട്ട രണ്ടു സ്ത്രീകളെ ൫ പോലീസുകാർ ബലാൽസംഗം ചെയ്തുവത്രെ" എന്ന തലക്കെട്ടിലും ൨൨൨൨ മിഥുനം ൧-ാംതിയ്യതി ഞായറാഴ്ചയിലെ എക്സ്പ്രസ് പത്രത്തിൽ "കിടക്കപ്പൊറുതി വേണം" എന്ന തലക്കെട്ടിലുള്ള പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടെ പലതും നിരോധനത്തിനു പ്രേരണ നൽകുന്ന തരത്തിലുള്ളവയായിരുന്നു. പ്രസ്തുത ലേഖനങ്ങൾ രണ്ടും മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(ബി) ഉവ്വ്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know Sir, whether this does not fall on the Publicity Department? How is it that the Hon'ble Chief Secretary to Government is answering this question. We would welcome an answer from our representative on such vital questions like suppression of papers and all that. Is it because your interest connot be had in him? Sir, I raise a point of order. I solicit a ruling.

Mr. P. Govinda Menon *(Minister for Food and Education):* The answer is from Government and not from individual members thereof.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I solicit a ruling, Sir from the Chair and not the opinion of the Minister in-charge of Publicity.

Mr. President: The Government must be considered as a whole. The Chief Secretary to Government is perfectly at liberty to answer this question.

Mr. P. Kumaran Ezhuthassan *(Vadakkancheri):* My point of order before the Chair is whether this subject has been transferred to the Ministerial department and in contra-distinction to the Chief Secretary to Government whether this is not to be answered by the Minister in-charge of Publicity?

Mr. P. Govinda Menon *(Minister for Food and Education):* Sir, this is not a transferred subject also.

Mr. President: Regarding the point that has been raised by the Hon'ble Member I may say Government should be considered as an organic whole.

Mr. P. A. Mohamed Ashroff *(Cranganur):* Sir, the previous question was answered by the Hon'ble Minister for Public Works.

Mr. President: Yes, the ruling is given.

മിസ്റ്റർ പി. നാരായണമേനോൻ: ഉത്തരം എ-യിൽ "കിടക്കപ്പൊറുതി വേണം" എന്ന തലക്കെട്ടിലുള്ള പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടെ പലതും നിരോധനത്തിനു പ്രേരണ നൽകുന്ന തരത്തിലുള്ളവയായിരുന്നു" എന്നു പറഞ്ഞിട്ടുണ്ട്. ആ പലതിൽ മറെന്തും പറയാമോ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: നോട്ടീസ് വേണം.

മിസ്റ്റർ പി. കെ. ഡീവർ : ഇതിൽ രണ്ടു പ്രസിദ്ധീകരണങ്ങളെക്കുറിച്ചു പറയുന്നുണ്ട്. ആ പത്രങ്ങൾ നിരോധിക്കുന്നതിനു മുമ്പ് അവ പ്രസിദ്ധീകരിച്ച പത്രാധിപന്മാരെ വിളിച്ചു ഒബ്ജക്ഷനബിളായ ആ ലേഖനത്തെക്കുറിച്ചു അവരോടു ചോദിച്ചിട്ടുണ്ടോ ?

റാവുസാഹിബ്ബ് എ. മാധവപ്രഭ : ഈ ലേഖനത്തിനു മുമ്പാണെന്നു തോന്നുന്നു, Date ഓർമ്മിക്കുന്നില്ല; അവരെ വിളിച്ചു ഉപദേശം കൊടുത്തിട്ടുണ്ട്. ഈ ലേഖനങ്ങളെപ്പറ്റി വിളിച്ചുചോദിച്ചിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ : ഇതിൽ "ഉവ്വ്" എന്നു പറഞ്ഞിട്ടില്ലേ ?

Mr. President: Please address the Chair.

Mr. P. K. Dewer *(Nominated):* Yes Sir, I am sorry, I am addressing the chair ഈ നിരോധനങ്ങൾ മാറിക്കിട്ടണമെന്നു ഈ ലേഖനം കൂടാതെ വേറെ വല്ല അപേക്ഷയും ഗവൺമെണ്ടിലേക്കു് ആ പത്രാധിപന്മാരോ അവർക്കു വേണ്ടി മറ്റു വല്ലവരുമോ അയച്ചിട്ടുണ്ടോ ?

റാവുസാഹിബ്ബ് എ. മാധവപ്രഭ : ഒരുമെമ്മോ എന്തോ കണ്ടു വന്നിട്ടുണ്ട്.

Mr. P. Narayana Menon *(Trippunittura):* I demand an answer.

Mr. President : What is the Hon'ble Member's question ?

മിസ്റ്റർ പി. നാരായണമേനോൻ : ഈ രാജ്യത്തിലുള്ള രണ്ടു പ്രധാനപത്രങ്ങളുടെ പേരിൽ ഗവൺമെണ്ടു കൊണ്ടുവന്നിട്ടുള്ളതു ഗൌരവമായ ചാർജ്ജാണു്. അതിൽ രണ്ടു ലേഖ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. പിന്നെയും പറയുന്ന വേറെ പലതുമുണ്ടെന്നു്. അതി ലൊന്നെങ്കിലും പറയാമോ എന്നാണു ചോദ്യം. അതിനു് എനിക്കു് ഉത്തരം കിട്ടണം.

റാവുസാഹിബു് എ. മാധവപ്രഭു : പലതുമുണ്ടായിരുന്നു. ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസിസ്സു് ടി. ഫ്രാൻസിസ്സു് : ഈ പത്രങ്ങളം നിരോധിക്കുന്നതിനു മുമ്പു പ്രസ്സു് അഡ്വൈസറി കമ്മിറ്റിയോടു ചോദിച്ചിട്ടുണ്ടോ ?

റാവുസാഹിബു് എ. മാധവപ്രഭു : ഇല്ല.

Mr. M. K. Raja *(Mulakunnathukavu)*: Sir, apart from a general warning administered at the so-called Press Conference, we want to know whether a written notice had been served upon the editors of the papers ?

Rao Sahib A. Madhava Prabhu *(Chief Secretary to Government)* : No.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : കുറത്തിനു തക്ക ശിക്ഷ കൊടുക്കുക എന്ന മൌലിക തത്വം ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടോ ?

റാവുസാഹിബു് എ. മാധവപ്രഭു : ഉവ്വു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : അപ്പോൾ പ്രതിയുടെ വാദം കേൾക്കാതെ എക്സു് പാർട്ടിയായി ശിക്ഷിക്കുക എന്നതാണോ ഗവമ്മെണ്ടിന്റെ നില ?

റാവുസാഹിബു് എ. മാധവപ്രഭു : ഈ പ്രസിദ്ധീകരണങ്ങളം മാത്രമാണെന്നു ഗവമ്മെണ്ടു പറയുന്നില്ല. അതും അതിനു മുമ്പു് അതുപോലെയുള്ള പല പ്രസിദ്ധീകരണങ്ങളും അവർ നടത്തിട്ടുണ്ടു്. അതിനെല്ലാം കൂടി ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇത്തരത്തിലുള്ള ശിക്ഷ വേണമെന്നു ഗവമ്മെണ്ടിനു തോന്നി.

മിസ്റ്റർ പറമ്പി ലോനപ്പൻ : ഇവരുടെ ശിക്ഷ അനുഭവിച്ചിടത്തോളം മതി എന്നാക്കി കുറക്കാൻ ഗവമ്മെണ്ടു ദയവായി ആലോചിക്കാമോ ?

റാവുബഹദൂർ ടി. കെ. നായർ : അവർക്കു് അങ്ങിനെ മതിയായി എന്നു തോന്നിത്തുടങ്ങിയതായി ഇപ്പോൾ എന്റെ മാന്യസ്നേഹിതൻ പറഞ്ഞതിൽ നിന്നല്ലാതെ ഗവമ്മെണ്ടിനു ബോദ്ധ്യമാകാൻ വേറെ തെളിവുകളൊന്നുമില്ല.

Mr. K. Balakrishna Menon *(Cheruthuruth)*: How long do you propose to continue these things, Sir ?

റാവുബഹദൂർ ടി. കെ. നായർ : ഒരു കുറവു ചെയ്തിട്ടുണ്ടെങ്കിൽ അതിനു പശ്ചാത്താപം വേണം. ഇല്ലാത്തപക്ഷം ഏതൊരു പശ്ചാത്തലത്തിലാണോ ഈ കടുംകൈ ചെയ്തതു് ആ പരിതഃസ്ഥിതി ഇല്ലാതെയാകുമ്പോൾ അതിനെക്കുറിച്ചാലോചിക്കാം.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : ഇതിൽ പറയുന്ന കുറങ്ങൾ ഇത്തരം ശിക്ഷ കൊടുക്കത്തക്കതാണെന്നു് ഈ സഭയെ ബോദ്ധ്യപ്പെടുത്താമൊ ?

റാവുബഹദൂർ ടി. കെ. നായർ : അതിനെക്കുറിച്ചു് ഒരു ഡിസ്കഷൻ വരുമ്പോളാണെങ്കിൽ പറയാം. അല്ലാതെ ഒരു ചോദ്യത്തിനുത്തരമെന്ന നിലയിൽ സാദ്ധ്യമല്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : ഇതിൽ പറഞ്ഞിരിക്കുന്ന ലേഖനങ്ങൾക്കു പുറമെ അനുബന്ധമായി വേറെ പലതുമുണ്ടെന്നു പറയുന്നു. അതിനെക്കുറിച്ചു ചോദിക്കുമ്പോൾ ഒഴിഞ്ഞുമാറിയാൽ പോരാ.

റാവുബഹദൂർ ടി. കെ. നായർ : "എക്സ്പ്രസ്സു്, പ്രജാമിത്രം" എന്നീ പത്രങ്ങളെ നിരോധിക്കുന്നതിനു് ഇടയാക്കിയ അവയിലെ പ്രസിദ്ധീകരണമേതാണു്; അനുബന്ധമായി ചേർക്കാമോ" എന്നാണു ചോദ്യം. അതിനിടയാക്കിയ ലേഖനങ്ങളും രണ്ടും ഇവിടെ പറഞ്ഞിട്ടുണ്ടു്. എന്നാൽ അതു രണ്ടും മാത്രമല്ല ആ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള മറ്റു പല ലേഖനങ്ങളും ഈ നടപടിയെടുക്കുന്നതിനു ഗവമ്മെണ്ടിൽനിന്നു പ്രേരകമായിട്ടുണ്ടു്.

മിസ്റ്റർ പറമ്പി ലോനപ്പൻ : നിരോധനം പിൻവലിക്കണമെങ്കിൽ മാപ്പു പറയണമെന്നാണൊ ഗവമ്മെണ്ടു പറയുന്നതു് ?

റാവുബഹദൂർ ടി. കെ. നായർ : എന്നു പറഞ്ഞില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ : ജനങ്ങളുടെ പ്രതിനിധികളായ ഞങ്ങളം ഒരു തീരുമാനം ചെയ്താൽ അതു സ്വീകരിക്കുമോ ?

റാവുബഹദൂർ ടി. കെ. നായർ : തീച്ചയായും അതിനെക്കുറിച്ചാലോചിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : ഒരു തീരുമാനമോ, ഡിസ്കഷനോ ഉണ്ടായാൽ അതു പ്രകാരം ചെയ്യാമെന്നു പറഞ്ഞിരുന്നില്ലെ ?

റാവുബഹദൂർ ടി. കെ. നായർ : ഈ നടപടിയെടുക്കാൻ ഗവണ്മെണ്ടിനെ പ്രേരിപ്പിച്ച സംഗതികളെന്തൊക്കെയാണെന്നു ചോദിച്ചതിനു് ഒരു ഡിസ്കഷനില്ലാതെ ചോദ്യോത്തരവേളയിൽ അതു മുഴുവൻ വിസ്തരിക്കുവാൻ സാദ്ധ്യമല്ലെന്നാണു പറഞ്ഞതു്.

Mr. P. Kumaran Ezhuthassan (*Vadakkancheri*) : Sir, I beg to apologise to the Hon'ble Minister. Now I ask whether an opportunity will be allowed for having a discussion on this subject, because I had tabled a resolution, which was held up. Now if I put in something to raise a discussion on this subject, so that we may have a thread-bare discussion on this subject, will you kindly arrange for a discussion on that, if I take the initiative; If the Government will not oppose, it will be helpful to the Chair ?

Mr. President : There are various methods which are open to the Hon'ble Member.

Mr. P. Kumaran Ezhuthassan (*Vadakkancheri*) : I want to reserve them, Sir, and use them as opportunities present themselves.

മിസ്റ്റർ കെ. എ. രാഘവൻ : എക്സ് പ്രസ്സു്, പ്രജാമിത്രം എന്നീ പത്രങ്ങളെ ദീനബന്ധു ഒറ്റിക്കൊടുക്കുന്നു എന്നു ഒരു പത്രത്തിൽ കണ്ടു. അങ്ങിനെ വല്ല കാരണവും കൂടിയാണോ ഈ പത്രങ്ങളെ നിരോധിക്കാൻ പ്രേരകമായതു്?

റാവുബഹദൂർ ടി. കെ. നായർ : അതുപോലുള്ള കാരണങ്ങളൊന്നും ഇല്ല. വേറെ പല കാരണങ്ങളുമുണ്ടു്. അതൊക്കെ ഇപ്പോൾ പറയാൻ വിഷമവുമാണു്.

മിസ്റ്റർ എം. കെ. രാജ : ഈ പത്രങ്ങളുടെ പത്രാധിപന്മാർ പശ്ചാത്താപം പ്രകടിപ്പിച്ചിട്ടില്ല. അതാണു അക്കാര്യം പുനരാലോചിക്കുന്നതിനു തടസ്സം എന്നു ഗവണ്മെണ്ടിൽനിന്നും പറഞ്ഞു കേട്ടു. ചീഫ് സിക്രട്ടറിയുടെ മറുപടിയിൽനിന്നു അവർക്കു ഒരു താക്കീതു കൊടുക്കാതെ, ഒരു സമാധാനവും ചോദിക്കാതെ നിരോധനം ചെയ്തുവെന്നു വരുന്നുണ്ടു്. അതുകൊണ്ടു ഗവണ്മെണ്ടല്ലെ പശ്ചാത്താപം പ്രകടിപ്പിക്കേണ്ടതു്.

റാവുബഹദൂർ ടി. കെ. നായർ : ഇതിനു സമാധാനം പറയണമെങ്കിൽ കുറച്ചു സമയം വേണം. പ്രസിഡണ്ടു അനുവദിക്കുകയാണെങ്കിൽ ഞാനിവിടെ വിസ്തരിച്ചു പറയാം.

Mr. President : In view of the importance of the subject, I allow that time.

റാവുബഹദൂർ ടി. കെ. നായർ : അന്തിക്കാട്ടുണ്ടായ സംഭവങ്ങളെ സംബന്ധിച്ചു അടുത്തയവസരത്തിൽ, ബഡ്ഡറിന്റെ ജനറൽ ഡിസ്കഷനിലൊ മറ്റൊ ഇവിടെ പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്. അതുവരെ അറിയാതെയിരുന്ന സംഗതികളും പലതും അറിഞ്ഞുവെന്നു എന്റെ മാന്യ സ്നേഹിതൻതന്നെ പറഞ്ഞിട്ടുമുണ്ടു്. ആ പരിതഃസ്ഥിതിയിൽ പത്രങ്ങളുടെ പ്രതിനിധികളേയും പത്രാധിപന്മാരേയും ദിവാൻജി വിളിച്ചു ഈ അപകടഘട്ടത്തിൽ നിയമസമാധാനങ്ങൾ കാക്കുവേണ്ടി ഗവണ്മെണ്ടിനു എടുക്കേണ്ടിവരുന്ന നടപടികളിൽ അവരുടെ സകല സഹായസഹകരണങ്ങളുമുണ്ടായിരിക്കണമെന്നു അവരോടഭ്യർത്ഥിച്ചു. അങ്ങിനെ വിളിച്ചുകൂട്ടിയ ആ കോൺഫറൻസിൽ എക്സ്പ്രസ്സിന്റെ പത്രാധിപർ ഹാജരായിരുന്നില്ല. സ്വന്തം കാര്യമെന്തോ ഉണ്ടെന്നും വരാൻ സാദ്ധ്യമല്ലെന്നും പറഞ്ഞു വരാതിരിക്കുകയാണു് ചെയ്തതു്. ബാക്കി ഉണ്ടായിരുന്നവരെല്ലാം ദിവാൻജിയോടു അവരുടെ പൂർണ്ണസഹകരണം വാഗ്ദാനം ചെയ്തുകൊണ്ടു പോകുകയും ചെയ്തു. അതിനു ശേഷം അന്തിക്കാട്ടു മുക്കുമൂലവരെ എത്തിയ ആ നിലയിൽ, കുറെയധികം പോലീസ് സൈന്യം അവിടെ പോയി ക്യാമ്പ് ചെയ്തിരുന്ന അവസരത്തിൽ അവനവന്റെ സ്വന്തം വീട്ടിൽ സമാധാനപൂർവ്വം കിടന്നുറങ്ങാൻ ധൈര്യമില്ലാതിരുന്ന ഒരവസരത്തിൽ, സമാധാന പാലനത്തിനു പോയ പോലീസുകാർ തന്നെ രണ്ടു സ്ത്രീകളെ ബലാസംഗം ചെയ്തുവെന്നു കള്ള റിപ്പോർട്ടു പ്രജാമിത്രത്തിൽ പ്രസിദ്ധപ്പെടുത്തി. അതു ഒന്നു രണ്ടാഴ്ചകൾക്കു മുമ്പായിരുന്നെങ്കിൽ അന്നത്തെ പരിതഃസ്ഥിതിയിലെപ്പോലെ ആ റിപ്പോർട്ടിനു അത്ര ഗൌരവമുണ്ടാകുമായിരുന്നില്ല. അവിടെ സമാധാനപരിപാലനത്തിനു പോയ പോലീസുകാർ തന്നെ ഇത്തരം പ്രവൃത്തികളും ചെയ്തുവെന്നു പറഞ്ഞാൽ ജനങ്ങൾക്കു എന്താണു രക്ഷ? സമാധാനമെവിടെ? ഗവണ്മെണ്ടെവിടെ? ജനങ്ങൾ എവിടെ പോകണം? അങ്ങിനെയുള്ള ഒരവസരത്തിൽ ജനങ്ങൾക്കു കിടന്നുപൊറുക്കാൻ രക്ഷയില്ലെന്നു പറഞ്ഞു പോലീസ് സ്റ്റേഷനിൽ ഓടി അഭയം പ്രാപിക്കുന്ന ഒരവസരത്തിൽ സമാധാനത്തിനുള്ള പോലീസുതന്നെ ഇങ്ങിനെ ചെയ്തുവെന്നു പറഞ്ഞാൽ എന്തായിരിക്കും അതിന്റെ ഭവിഷ്യത്തു എന്നു എന്റെ മാന്യ സ്നേഹിതന്മാരൊന്നാലോചിച്ചാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ആ സംഭവം നടന്നുവെന്നു പറയുന്ന അവസരത്തിൽ ഞങ്ങൾ തൃശ്ശിവപേരൂരിൽ ഉണ്ടായിരുന്നു. ദിവാൻജിയുമുണ്ടായിരുന്നു. പത്രാധിപന്മാക്ക് ഗവണ്മെണ്ടിന്റെ നിയമം പാലിക്കുന്നതിൽ സഹായസഹകരണങ്ങൾ നൽകണമെന്ന സൌഹാർദ്ദമനോഭാവമുണ്ടായിരുന്നെങ്കിൽ ആ ലേഖനം കിട്ടിയപ്പോൾ അതിനെ സംബന്ധിച്ചു ഞങ്ങളോട് ചോദിക്കാമായിരുന്നു. അതു പ്രസിദ്ധീകരിച്ചാൽ അതുകൊണ്ട് എന്തൊരു ഫലമായിരിക്കും നാട്ടിലുണ്ടാകുക എന്നുള്ളതറിയാനുള്ള ബുദ്ധി പത്രാധിപന്മാക്കുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതിന്റെ ഫലമെന്തായിരുന്നു? ആ റിപ്പോർട്ട് കണ്ട അവസരത്തിൽ ഞാൻ വല്ലാതെ പരിഭ്രമിച്ചുവെന്നു ഞാൻ പറയുന്നു. അതിനെ സംബന്ധിച്ചു റിപ്പോർട്ടൊന്നും ഞങ്ങൾക്കു കിട്ടീട്ടില്ല. സംഭവമുണ്ടായിട്ടുണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടാ, ഉത്തരവാദിത്വമുള്ള മേലുദ്യോഗസ്ഥന്മാർ അവിടെ ഇല്ലായിരിക്കുമോ എന്നൊക്കെ ഞാൻ പേടിച്ചു. ഇതുപോലെ പരമാത്മാ അറിയുന്നതുവരെ എല്ലാപേരും പരിഭ്രമിച്ചിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ പെട്ടെന്നു ഇതിനു എന്തെങ്കിലും ഒരു പരിഹാരം കണ്ടില്ലെങ്കിൽ രക്ഷയില്ല എന്നു ഗവണ്മെണ്ടിനു തോന്നി. അങ്ങിനെയാണു ഈ പത്രങ്ങളെ നിരോധിക്കുന്നതിനു ഗവണ്മെണ്ടു നിർബ്ബന്ധിതമായതു്. പത്രാധിപന്മാരോടുള്ള ദ്വേഷ്യം കൊണ്ടല്ല; രാജ്യത്തിലെ സമാധാനരക്ഷയ്ക്കുവേണ്ടിയാണു അങ്ങിനെ ചെയ്തിട്ടുള്ളതു്. ഇതാണു ഈ നടപടികളുടെ പിന്നിലുള്ള ചരിത്രം.

Mr. President: Next question.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Sir, it has been clarified as far as the Minister is concerned. Therefore we seek leave.

Mr. President: Order, order. If the Hon'ble Members are very desirous of putting further questions, I will allow it.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊച്ചിയിലെ ചില പത്രങ്ങൾ പച്ചക്കള്ളങ്ങളെഴുതി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ദുഷ്പ്രചരണം നടത്തുന്നുണ്ടെന്നും അതുകൊണ്ടു തടയുന്നതിനു അവയുടെ മേൽ കർശനമായ നടപടിയെടുക്കണം എന്നും കഴിഞ്ഞ മേടത്തിൽ കൂടിയ മിനിസ്റ്റീരിയൽ പാർട്ടിയിൽ ചില അഭിപ്രായം ഉയർന്നുവന്നിട്ടില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഗവണ്മെണ്ടിനു അറിവില്ല.

മിസ്റ്റർ കെ. എം. ജോർ. മേനോൻ: അപ്പോൾ ആ പത്രങ്ങൾ പശ്ചാത്താപം പ്രകടിപ്പിച്ചാലേ അവയുടെ നിരോധനം നീക്കുകയുള്ളു എന്നാണോ വിചാരിക്കേണ്ടതു?

റാവുബഹദൂർ ടി. കെ. നായർ: പറയാനുള്ളതൊക്കെ ഞാൻ പറഞ്ഞുകഴിഞ്ഞു. അവസരം വരുമ്പോൾ വേണ്ടതു ചെയ്യാം. ആ പത്രങ്ങൾ എന്നെന്നേയ്ക്കും നിരോധിക്കൽ ചെയ്യണമെന്നു ഗവണ്മെണ്ടിനു ഉദ്ദേശമില്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പീനൽ കോഡനുസരിച്ചു കുറ്റമുണ്ടെങ്കിൽ ആ പത്രാധിപന്മാരുടെ പേരിൽ കേസെടുത്തു ശിക്ഷിക്കാൻ സാധിക്കുകയില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ശിക്ഷിക്കാമായിരിക്കണം.

മിസ്റ്റർ പറമ്പി ലോനപ്പൻ: പോലീസുകാർ ബലാൽസംഗം ചെയ്തു പറയുന്നില്ലെങ്കിലും അവർ വേറെ ചില കുറ്റങ്ങൾ ചെയ്തുവെന്നു ചില റിപ്പോർട്ടുകൾ കണ്ടതു ശരിയാണൊ?

റാവുബഹദൂർ ടി. കെ. നായർ: അതിനെക്കുറിച്ചുനോക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബലാൽസംഗം ചെയ്യപ്പെട്ടുവെന്നു പറയപ്പെടുന്ന കുട്ടികളുടെ അമ്മ ആ കള്ള റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തിയ പത്രാധിപന്മാരുടെ മേൽ മാനനഷ്ടത്തിനു കേസ് കൊടുത്തിട്ടുണ്ടെന്നൊ കേസ്സു കൊടുക്കാൻ പോകുന്നു എന്നൊ കേൾക്കുന്നതു ശരിയാണൊ?

റാവുബഹദൂർ ടി. കെ. നായർ: അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആ ലേഖനം മൂലം അതിൽ ഒരു സ്ത്രീയുടെ വിവാഹാലോചന പോലും തെറ്റിപ്പോയി എന്നതറിയാമൊ?

റാവുബഹദൂർ ടി. കെ. നായർ: അറിവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: കൊലപാതകത്തിലെ കുറ്റക്കാരെ പോലും വിചാരണ ചെയ്യാതെ ശിക്ഷിക്കയില്ലെന്നിരിക്കെ ഈ പത്രാധിപന്മാരോട് സമാധാനം ചോദിക്കാതെ എന്താണു ഇത്ര കഠിനമായി ശിക്ഷിക്കാൻ കാരണം?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: മറുപടി പറഞ്ഞു കഴിഞ്ഞു. ഒരു വ്യക്തി എന്ന നിലയിൽ ചെയ്യുന്നതും ഒരു പത്രം ചെയ്യുന്നതുമായ കുറെങ്ങൾക്കു വളരെ വ്യത്യാസമുണ്ട്. പത്രം ചെയ്യുന്ന തെറ്റു രാജ്യവ്യാപകമായ ഒന്നായിത്തീരും. ആ പത്രങ്ങളെ സംബന്ധിച്ചു ഞങ്ങൾക്കു പെട്ടെന്നു effective ആയി തോന്നിയ നടപടികളൊക്കെ എടുത്തിട്ടുണ്ട്.

CONCESSION—COCHIN GYMNASIUM

124. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരിയിൽ സ്ഥിതിചെയ്യുന്ന "കൊച്ചിൻ ജിംനേഷ്യം" ഗവർമ്മെണ്ടിൽ നിന്നും ചില ആനുകൂല്യങ്ങളും മറ്റും ആവശ്യപ്പെട്ടുകൊണ്ടു് അപേക്ഷ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവർമ്മെണ്ടു് അതിനെക്കുറിച്ചു് എന്തുചെയ്തു;

(ബി) ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ ആകെ കൊച്ചീരാജ്യത്തിൽ എത്രയുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്. ടി സ്ഥാപനത്തിനു പ്രതിമാസം ൧൫ക. വീതം ഗ്രാൻറു് അനുവദിച്ചിട്ടുണ്ടു്.

(ബി) രണ്ടെണ്ണം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഫിസിക്കൽ ഡയറക്ടർമാരുടെ ട്രെയിനിംഗിനു് മദ്രാസ് വൈ. എം. സി. എ. യിലേയ്ക്കു് ആളുകളെ അയക്കാറില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതുപോലെയുള്ള ട്രെയിനിംഗ് ഇവിടത്തെ തന്നെ കൊടുപ്പിച്ചാൽ പോരെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതുപോലെയല്ല ഇവിടത്തെ ട്രെയിനിംഗ് എന്നാണ് ഡിപ്പാർട്ടുമെൻറ് വിശ്വസിക്കുന്നതു്. ഇവിടെ അതിനുള്ള സൌകര്യമില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതുപോലെയുള്ള സൌകര്യമുണ്ടാക്കി ട്രെയിനിംഗ് നടത്തുന്നതിനുള്ള സ്ഥാപനം ഏറ്റെടുക്കരുതോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേറൊരാൾ നടത്തുന്ന സ്ഥാപനം ഏറ്റെടുക്കണമെന്നു ഗവർമ്മെൻറുദ്ദേശിക്കുന്നില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഇതിൽ ൨ എണ്ണം എന്നു പറഞ്ഞിരിക്കുന്നതിൽ ഒന്നു രാമയ്യരുടേതല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: അതിൽ ആകെ എത്ര കുട്ടികളുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ആകെ ൫൦ കുട്ടികളുണ്ടു്. അവർക്കു് ഈ ൧൫ രൂപ ഗ്രാൻറു പോരാ എന്നറിയുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൧൫ രൂപ ഗ്രാൻറു കൊച്ചിൻ ജിംനേഷ്യത്തിനാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊച്ചിൻ ജിംനേഷ്യം എന്നാണു് തുടങ്ങിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വി. ആർ. രാമയ്യരുടെ ജിംനേഷ്യം എന്നാണു് തുടങ്ങിയതു് എന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അയ്യരുടെ ജിംനേഷ്യത്തിനു ഗ്രാൻറു കൊടുക്കണമെന്നപേക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗ്രാൻറു കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ രൂപ എങ്ങിനെയാണു അവർ ചിലവുചെയ്യുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly